## കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

## 2015 മാർച്ച് 6–ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത
## പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമ സഭാംഗങ്ങളെ, എല്ലാവർക്കും എന്റെ നമസ്കാരം.

1. കേരള നിയമസഭയുടെ 2015-ലെ പ്രഥമസമ്മേളനത്തിലേക്ക് നിങ്ങളേവരേയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഞാൻ നിങ്ങളെ ആദ്യമായി അഭിസംബോധന ചെയ്യുന്ന ഈ അവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും ഹൃദയംഗമമായ ആശംസകൾ നേരുന്നു. എന്റെ സർക്കാർ ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ, രാജ്യത്തെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റിയിട്ടുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈയിടെ അവസാനിച്ച 35-ാം ദേശീയ ഗെയിംസിൽ ഓവറോൾ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം പ്രഥമ സ്ഥാനത്തെത്തി. ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനിൽ (ഐ.ഒ.എ) നിന്നും സ്പോർട്സ് സമൂഹങ്ങളിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ അനുസരിച്ച് ഇതുവരെ സംഘടിപ്പിക്കപ്പെട്ടവയിൽ ഇതായിരുന്നു ഏറ്റവും മികച്ച ദേശീയ ഗെയിംസ്. ഈ ദേശീയ ഗെയിംസ് ഒരു വൻവിജയമാക്കിത്തീർത്ത കായികതാരങ്ങളെയും പരിശീലകരെയും ഉദ്യോഗസ്ഥരെയും എന്റെ സർക്കാർ അനുമോദിക്കുന്നു. കേരളത്തിൽ 35-ാം ദേശീയ ഗെയിംസ് സംഘടിപ്പിച്ചതിന്റെ പ്രതീകമായി കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരത്തോടുകൂടിയ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം സജ്ജീകരിക്കുകയും എന്റെ സർക്കാർ, 213 കോടി രൂപ ചെലവഴിച്ച്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള 16 സ്റ്റേഡിയങ്ങളെ നൂതന സൗകര്യങ്ങളോടുകൂടി നവീകരിക്കുകയും ചെയ്തു.

2. 2011 മേയ് 18-ാം തീയതി അധികാരത്തിൽ വന്ന എന്റെ സർക്കാർ "വികസനവും കരുതലും" (development and care) ആണ് അതിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 45 മാസങ്ങളിലായി ഏറ്റെടുത്ത വികസനപ്രവർത്തനങ്ങൾ സംസ്ഥാനത്തെ യഥാർത്ഥത്തിൽ "ദൈവത്തിന്റെ സ്വന്തം നാടായി" മാറ്റിയിട്ടുണ്ട്. എന്റെ സർക്കാരിന് നേടാൻ കഴിഞ്ഞ ദ്രുത ഗതിയിലുള്ള വളർച്ചാനിരക്കും ഒട്ടേറെ വാഴ്ത്തപ്പെട്ട കേരള മോഡൽ വികസനവും ഇപ്പോൾ ലോകത്തിന്റെ തന്നെ ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്നു. സദ്ഭരണത്തിനായുള്ള എന്റെ സർക്കാരിന്റെ ഉദ്യമങ്ങളെ ഐക്യരാഷ്ട്രസംഘടന പോലും പ്രശംസിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടി 2013-ലെ യു.എൻ. പബ്ലിക് സർവ്വീസ് അവാർഡ് നേടിയിട്ടുണ്ട്. 2025-ലെ ഭാരതത്തിന്റെ സാമ്പത്തിക ഭൂമിശാസ്ത്രം സംബന്ധിച്ച അടുത്ത കാലത്തെ മെക്കിൻസി (McKinsey) റിപ്പോർട്ട് മൊത്തം ആഭ്യന്തര ഉൽപ്പാദനം, ആളോഹരിവരുമാനം, തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത, സാക്ഷരത, വൈദ്യുതീ കരിക്കപ്പെട്ട ഭവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രമുഖമായ എട്ട് സംസ്ഥാനങ്ങളി ലൊന്നായി കേരളത്തെ ചിത്രീകരിക്കുന്നു. വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം, ദാരിദ്ര്യനിർമ്മാർജ്ജനം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് എന്റെ സർക്കാർ

ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ് മികച്ച പൊതുജന പങ്കാളിത്ത ഉദ്യമത്തിനുള്ള വെബ്രത്ന അവാർഡ് നേടിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനിൽ മാതൃകാപരമായ പ്രകടനം കാഴ്ചവച്ചതിനുള്ള 2013-2014-ലെ സി. എസ്. ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് എന്റെ സർക്കാർ ഈയിടെ നേടിയിട്ടുണ്ട്. ഈ മാസം അവസാനം ദേശീയ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് പൂർത്തിയാകുന്നതോടെ വകുപ്പുകളിലുടനീളം ഇ-ഗവേണൻസ് വ്യാപിപ്പിക്കൽ, ഇ-സാക്ഷരത കൈവരിക്കൽ, ഉയർന്ന തോതിലുള്ള മൊബൈൽ ഉപയോഗം, അക്ഷയകേന്ദ്രങ്ങളിലൂടെ സേവനം പ്രദാനം ചെയ്യൽ എന്നിവ വഴി കേരളം രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായിത്തീരുന്നതാണ്.

3. സർവ്വതോമുഖമായ വളർച്ച സംബന്ധിച്ച് എന്റെ സർക്കാർ പിൻതുടർന്നുവരുന്ന വിശാലമായ കാഴ്ചപ്പാട് നീതിപൂർവ്വകമായ സാമ്പത്തികവളർച്ച കൊണ്ടുവന്നിട്ടുണ്ട്. എന്റെ സർക്കാർ സമാരംഭിച്ച 'സീറോ ലാൻഡ്ലെസ് പ്രോഗ്രാം' (ഭൂരഹിതരില്ലാത്ത കേരളം പരിപാടി) മൂലം ഒരു ലക്ഷത്തിലേറെ ഭൂരഹിതകുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. അഞ്ചു വർഷക്കാലമായി പ്രവർത്തനരഹിതമായിരുന്ന സ്മാർട്ട്സിറ്റി പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതും ആദ്യഘട്ടം പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിരിക്കുകയുമാണ്. കൊച്ചി മെട്രോറെയിൽ പദ്ധതി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കണ്ണൂർ വിമാനത്താവളം 2016 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കപ്പെടുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്

ഭാരതസർക്കാരിൽ നിന്നും പാരിസ്ഥിതികാനുമതിയും വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) അനുമതിയും ലഭിച്ചിട്ടുള്ളതും അതു സംബന്ധമായ ജോലികൾ ഉടനടി ആരംഭിക്കുന്നതുമാണ്. എന്റെ സർക്കാർ സമാരംഭിച്ച കൊച്ചിയിലെ സ്റ്റാർട്ട്അപ് വില്ലേജും വിദ്യാർത്ഥി സംരംഭകത്വ പരിപാടിയും രാജ്യത്തെ മറ്റുഭാഗങ്ങൾക്ക് മാതൃകയാണ്.

4. ക്ഷേമരംഗത്തെ സംബന്ധിച്ചിടത്തോളം എന്റെ സർക്കാർ എല്ലാ ക്ഷേമപെൻഷനുകളും യഥാസമയം വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതുകൂടാതെ അവ 500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ക്ഷീരകർഷകർക്കും പെൻഷൻ അനുവദിക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ സാധാരണ ജനങ്ങൾക്ക് സമഗ്ര ആരോഗ്യപരിരക്ഷ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാരുണ്യ ചികിത്സാ സഹായനിധിയുടെ പ്രയോജനം 25,000-ത്തിൽപ്പരം രോഗികൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇറാക്കിൽ ഭീകരരുടെ പിടിയിലകപ്പെട്ട നേഴ്സുമാരെ വിട്ടുകിട്ടുന്നതിൽ എന്റെ സർക്കാരിന് വിജയകരമായി ഇടപെടുവാൻ സാധിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ ഈ ഉദ്യമം കേന്ദ്രസർക്കാരിന്റെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളത്തിന് "ശ്രേഷ്ഠഭാഷാ" പദവി നേടിയെടുക്കുവാൻ എന്റെ സർക്കാരിനു കഴിഞ്ഞു. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും ഒൻപതായി വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിർഭയ പദ്ധതിക്ക് തുടക്കം കുറിച്ചു. റാന്നി-പെരിനാട്, പീച്ചി എന്നീ വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ എന്റെ സർക്കാരിന് കഴിഞ്ഞു.

5. കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾക്ക് പ്രതിഫലദായകമായ വില ലഭിക്കുവാൻ സഹായകമാകുംവിധം എന്റെ സർക്കാരിന് ഫലപ്രദമായി വിപണി ഇടപെടൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്ത് ഇദംപ്രഥമമായി പച്ചത്തേങ്ങാ സംഭരണം കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് നടത്തുകയുണ്ടായി. ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതുകൂടാതെ മൂല്യവർദ്ധനവിനും കാർഷികോൽപ്പന്ന സംസ്കരണത്തിനും എന്റെ സർക്കാർ പുത്തൻ ഉണർവ്വ് നൽകുകയുണ്ടായി. ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും കേരള കാർഷിക സർവകലാശാലയ്ക്കും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനും തെങ്ങിൻ പൂങ്കുലയിൽ നിന്നും ലഭിക്കുന്ന ഒരു ലഹരിരഹിത പാനീയമായ 'നീര' എടുക്കുന്നതിന് ഇതാദ്യമായി ലൈസൻസ് നൽകുകയുണ്ടായി.

6. 2016-ഓടെ കേരളത്തെ ജൈവസംസ്ഥാനമാക്കുമെന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സംസ്ഥാനത്ത് ജൈവ കൃഷി പ്രചരിപ്പിക്കുന്നതിനായി ഇതിനകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികളെ സംയോജിപ്പിക്കുന്നതിനായി എന്റെ സർക്കാർ സാദ്ധ്യമായ എല്ലാ ശ്രമവും നടത്തുന്നതാണ്. ജൈവകൃഷിയിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുള്ള കർഷകരുടെ മക്കൾക്ക് കാർഷിക സർവകലാശാലയിലും വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാലയിലും അണ്ടർഗ്രാജ്വേറ്റ് കോഴ്സുകൾക്ക് പ്രത്യേക ക്വോട്ട നീക്കിവയ്ക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ കർഷകരുടെയും രജിസ്ട്രേഷൻ എന്റെ സർക്കാർ പൂർത്തിയാക്കിക്കഴിഞ്ഞു. കർഷകരജിസ്ട്രേഷൻ പദ്ധതിയിൻകീഴിൽ പേര് ചേർത്തിട്ടുള്ള 18.77 ലക്ഷം കർഷകർക്ക് 'സ്മാർട്ട് കാർഡുകൾ' നൽകുന്നതാണ്.

7. രണ്ട് ജില്ലകളിൽ ദ്രുതഗതിയിൽ പടർന്നുപിടിച്ച പക്ഷിപ്പനി, കർഷകർക്ക് വൻപിച്ച നഷ്ടം വരുത്തുന്നതിനിടയാക്കി. എന്നിരുന്നാലും, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സമയോചിതമായ ഇടപെടൽമൂലം രോഗത്തെ സമയബന്ധിതമായി നിയന്ത്രണവിധേയമാക്കുവാൻ എന്റെ സർക്കാരിന് സാധിച്ചുവെന്നു മാത്രമല്ല, കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. പക്ഷിപ്പനി വിനാശകരമായി പടർന്നുപിടിക്കുന്നതിന്റെ വെളിച്ചത്തിൽ കുട്ടനാട് മേഖലയിലെ താറാവ് വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

8. എന്റെ സർക്കാർ കൊണ്ടുവന്ന 'ഗോവർദ്ധിനി പദ്ധതി', സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ ഒരു ലക്ഷം കൂടി വർദ്ധനവ് വരുത്തുവാനും അവയ്ക്ക് ശാസ്ത്രീയപരിപാലനം നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ നൂതന പരിപാടികളിലൂടെയും പദ്ധതികളിലൂടെയും എന്റെ സർക്കാരിന് ഒരു പുതിയ കാർഷികസംസ്കാരം വികസിപ്പിക്കുവാൻ കഴിഞ്ഞു.

9. കേരളത്തിലെ പാലിന്റെ ആവശ്യകതയുടെ 80% ആഭ്യന്തര ക്ഷീരോൽപ്പാദനത്തിലൂടെയാണ് ഇപ്പോൾ നിറവേറ്റിവരുന്നത്. 12-ാമത് പ്ലാനിന്റെ അവസാനത്തോടുകൂടി, ഈ

മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. തീറ്റപ്പുൽ കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി, നിലവിലുള്ള 18000 ഹെക്ടറിനോടൊപ്പം 3700 ഹെക്ടർ 2014-15 വർഷത്തിൽ, കൂടുതലായി ചേർക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞു. സംസ്ഥാനത്തെ ഏകദേശം 2.37 ലക്ഷം ക്ഷീരകർഷകരെ കേരള ക്ഷീരകർഷക ക്ഷേമബോർഡിന്റെ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയുണ്ടായി.

10. 2013-14-ൽ വന-മത്സ്യ ഉപമേഖലകൾ യഥാക്രമം 3.4 ശതമാനവും 5.43 ശതമാനവും പുരോഗമനാത്മകമായ വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഭവനരഹിതരായ 4000 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടസൗകര്യം ലഭ്യമാക്കുന്നതിനായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൻകീഴിൽ, മത്സ്യ ത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഭവനനിർമ്മാണ പാക്കേജ് നടപ്പിലാക്കുന്നതാണ്. മത്സ്യപ്രജനന മേഖലകൾ സംരക്ഷിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്ന തിനും പ്രത്യേകയത്നം ഏറ്റെടുക്കുന്നതാണ്. മത്സ്യോത്പാദനം പരിപോഷിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾ ഉൾപ്പെടുത്തി ക്കൊണ്ട് മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്ന താണ്. തുറസ്സായ ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യങ്ങളുടെ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. എല്ലാ മത്സ്യബന്ധനതുറമുഖങ്ങളിലും ഏറ്റെടുത്തിട്ടുള്ള പണികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

**11.** ഇന്ദിര ആവാസ് യോജന (I.A.Y.)-യുടെ കീഴിൽ ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്കും പൊതുവിഭാഗക്കാർക്കുമായി 2 ലക്ഷം രൂപയും പട്ടികഗോത്രവർഗ്ഗക്കാർക്കായി 2.50 ലക്ഷം രൂപയും നൽകിവരുന്ന ഭാരതത്തിലെ ഏക സംസ്ഥാന സർക്കാർ എന്റെ സർക്കാർ മാത്രമാണ്. "വീടില്ലാത്തവർക്ക് വീട്" എന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. എന്റെ സർക്കാർ, തദ്ദേശഭരണസ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സാമൂഹ്യസംഘടനകളുടെയും സഹായത്തോടെ ഭവനനിർമ്മാണ പദ്ധതികൾക്ക് മുൻഗണന നൽകുന്നതായിരിക്കും. എന്റെ സർക്കാർ, ജവഹർ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതും അതിന്റെ കീഴിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ഓരോ പഞ്ചായത്തിലെയും/മുനിസിപ്പാലിറ്റിയിലെയും/കോർപ്പറേഷനിലെയും ഓരോ വാർഡിലും ഒരു വീട് വീതം നിർമ്മിക്കുന്നതുമാണ്.

**12.** പ്രൈം മിനിസ്റ്റർ ഗ്രാം സഡക് യോജന (PMGSY) ഗ്രാമീണ റോഡ് പദ്ധതിയിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭിച്ചിട്ടില്ല. 2011-ൽ എന്റെ സർക്കാർ അധികാരമേറ്റപ്പോൾ, 715 കി. മീ. ഉള്ള 303 റോഡുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുപോലുമില്ലായിരുന്നു. നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം റോഡുകളുടെ ടെൻഡർ സമർപ്പിക്കുവാൻ ആളില്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിന്റെ 42% വരെ വർദ്ധനവ് വരുത്തി ടെൻഡർ ചെയ്യുവാൻ തീരുമാനിക്കുകയും തത്ഫലമായി, 325 കി. മീ. റോഡ് പണി ആരംഭിക്കുകയും അതിൽ 125 കി. മീ. ഇതിനകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 8-ാം ഘട്ടത്തിൽ നമുക്ക് ലഭിച്ച 1012 കി. മീ. റോഡുകളിൽ 850 കി. മീ. റോഡുകളുടെ പണി

ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പി. എം. ജി. എസ്. വൈ. പ്രകാരമുള്ള സംസ്ഥാനവിഹിതത്തിൽ നിന്ന് എന്റെ സർക്കാർ ഇതുവരെ 124 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പി. എം. ജി. എസ്. വൈ-യുടെ രണ്ടാം ഘട്ടത്തിൽ 500 കോടി രൂപ അടങ്കൽ തുകയിൽ 570 കി. മീ. റോഡുകൾ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തവും പി. എം. ജി. എസ്. വൈ-യിൽ 1000 കി. മീ. റോഡുകൾ അധികമായി ലഭിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ ഭാരതസർക്കാരിനെ സമീപിച്ചിട്ടുള്ളതുമാണ്.

13. സംസ്ഥാനത്തിന്റെ സാഹചര്യത്തിനും ആവശ്യകതകൾക്കും അനുസൃതമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്റെ സർക്കാർ നിരവധിതവണ പരിഷ്ക്കരിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ (MGNREGS) 2010-11 വർഷത്തിൽ നമ്മൾ കേവലം 701 കോടി രൂപ മാത്രം ചെലവഴിച്ചപ്പോൾ 2013-14 വർഷത്തിൽ അത് 1700 കോടി രൂപയായിരുന്നു. എന്നാൽ, മരാമത്തുപണികളുടെ ഷെഡ്യൂളിൽ ഭാരതസർക്കാർ മാറ്റങ്ങൾ വരുത്തിയതിനാൽ, രജിസ്റ്റർചെയ്ത 29 ലക്ഷം കുടുംബങ്ങൾക്ക് ജോലി നൽകുന്നതിന് എന്റെ സർക്കാർ പ്രയാസം നേരിടുകയാണ്. എന്റെ സർക്കാർ ക്ഷീരോല്പാദനം, കയർ, ഖാദി, മറ്റ് പരമ്പരാഗത വ്യവസായമേഖല എന്നിവയെ എൻ. ആർ. ഇ. ജി. എസ്-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ അഭ്യർത്ഥന പരിഗണിക്കുന്നതിനായി ഭാരതസർക്കാർ, ദക്ഷിണ സംസ്ഥാനങ്ങളിലെ ഗ്രാമവികസന വകുപ്പ് മന്ത്രിമാരുടെ ഒരു യോഗം വിഷയം ചർച്ചചെയ്യുന്നതിന് വിളിച്ചുകൂട്ടിയിട്ടുണ്ട്.

**14.** എന്റെ സർക്കാർ, കേരളത്തിലെ മുന്നാക്കസമുദായങ്ങൾക്കിടയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്രവികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന മുന്നാക്കസമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കുകയുണ്ടായി. പരീക്ഷണാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയെന്ന നിലയിൽ, കേരളത്തിലെ ആദിബ്രാഹ്മണ സമുദായങ്ങളുടെ പരമ്പരാഗത വാസസ്ഥലങ്ങളായ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു.

**15.** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷസമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിൻ കീഴിൽ സംവരണം ലഭിക്കുന്നതിനുവേണ്ടി ന്യൂനപക്ഷ ഇ-സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം എന്റെ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

**16.** ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിന്റെ (NCAER) സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാനത്തിനുവേണ്ടിയുള്ള ഒരു ദീർഘവീക്ഷണ പ്ലാൻ (Perspective Plan) എന്റെ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ദീർഘവീക്ഷണ പ്ലാൻ 2030 ഡോക്യുമെന്റിന്റെ തുടർച്ചയായി, വികസനത്തിന്റെ തിരഞ്ഞെടുത്ത മേഖലകളിലുള്ള അടിസ്ഥാനസൗകര്യക്കുറവുകൾ കണ്ടെത്തുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു പഠനം എന്ന നിലയിലും കണ്ടെത്തുന്ന കുറവുകൾ നികത്തുവാനുള്ള ഒരു കൂട്ടം പദ്ധതികൾ തയ്യാറാക്കുന്നതിനും 'ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാൻ 2030' എന്ന ഒരു വീക്ഷണരേഖ തയ്യാറാക്കുവാനും എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. വ്യത്യസ്ത ഏജൻസികൾ സമാനമായ

പദ്ധതികൾ ആവർത്തിക്കുന്നത് ഒഴിവാക്കുവാനും വികസനാത്മക ഫലങ്ങൾ കൈവരിക്കുന്നതിന് അപര്യാപ്തമായ ബജറ്റ് നിധിയുടെ ഫലപ്രദമായ വിനിയോഗം സാദ്ധ്യമാക്കുവാനും വാർഷിക പ്ലാനുകളിൽ അവതരിപ്പിച്ചിട്ടുള്ള ആസ്തികളുടെ ഒരു ഡിജിറ്റൈസ്ഡ് ഡോക്യുമെന്റേഷൻ കൊണ്ടുവരുന്നതിനും അവതരിപ്പിച്ചിട്ടുള്ള മൂലധന ആസ്തികളുടെ ഫോട്ടോഗ്രാഫുകൾ അപ്‌ലോഡ് ചെയ്യുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**17.** എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും "സാംഖ്യ" എന്ന അക്രൂവൽ ബേസ്ഡ് ഡബിൾ എൻട്രി സോഫ്ട്‌വെയർ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത വെബ് അടിസ്ഥാനമാക്കിയുള്ള 'സുലേഖ' സോഫ്റ്റ്‌വെയർ, സസ്റ്റെനൻസ് വിഭാഗത്തിൻ കീഴിൽ 2013-14-ലെ സി.എസ്.ഐ. അവാർഡ് നേടിയിട്ടുണ്ട്. 1970 മുതൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തുവരുന്ന ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിദായകർക്ക് 2015-16 മുതൽ ഓൺലൈനായി വസ്തുനികുതി നൽകുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

**18.** കുടുംബശ്രീ ഈ സാമ്പത്തികവർഷം 899 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കേരളത്തിലെ ഇടുക്കി, പാലക്കാട്, വയനാട് എന്നീ മൂന്ന് ജില്ലകളിൽ മനുഷ്യക്കടത്ത് വിരുദ്ധ കേന്ദ്രങ്ങൾ (Anti Human Trafficking Centres) ആരംഭിക്കുന്നതാണ്.

**19.** പൊതു-സ്വകാര്യ-പങ്കാളിത്ത (PPP) രീതിയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുവാൻ 2014 ഫെബ്രുവരിയിൽ കൊച്ചിയിൽ ഒരു "നിക്ഷേപക സംഗമം" (Investors' Meet) നടത്തുകയുണ്ടായി. ആ സംഗമത്തിൽ വിവിധ നഗര തദ്ദേശ സ്ഥാപനങ്ങൾ അവതരിപ്പിച്ച 89 പദ്ധതികൾക്ക് താൽപര്യപ്രകടനപത്രികകൾ ലഭിക്കുകയുണ്ടായി. ഇതിനെ തുടർന്ന് പദ്ധതി സത്വരമായി നടപ്പാക്കുന്നത് സുഗമമാക്കുവാൻ സംസ്ഥാന തലത്തിൽ പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

**20.** നഗരപ്രദേശങ്ങളിൽ വനിതകൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. നഗരപ്രദേശങ്ങളിൽ ആധുനിക ബഹുനില പാർക്കിംഗ് സംവിധാനം (Modern Multilevel Parking System) ഏർപ്പെടുത്തുന്നതാണ്. ഏഷ്യൻ വികസന ബാങ്കിന്റെ (ADB) സാമ്പത്തിക സഹായത്തോടെ നടന്നുവരുന്ന എല്ലാ ജോലികളും കേരള സുസ്ഥിര നഗര വികസന പ്രോജക്റ്റ് (Kerala Sustainabale Urban Development Project) പൂർത്തിയാക്കുന്നതാണ്. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന് (JnNURM) കീഴിൽ പ്രതിദിനം 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതും കോർപ്പറേഷന് അനുവദിച്ചിട്ടുള്ള 400 ബസ്സുകൾ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതുമാണ്. കൊച്ചി കോർപ്പറേഷനിലെ ഇ-ഗവേണൻസ് പ്രോജക്റ്റിന് തുടക്കം കുറിക്കുന്നതാണ്. നഗരജ്യോതി പദ്ധതിയുടെ കീഴിൽ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളുടെയും (ULBs) നിലവിലുള്ള തെരുവുവിളക്കിനു പകരം എനർജി എഫിഷ്യന്റ് എൽ.ഇ.ഡി. ലൈറ്റിംഗ് സമ്പ്രദായം കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതാണ്.

21. ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും 3 വർഷ കാലയളവിനുള്ളിൽ ശുചീകരണസംബന്ധമായ സൗകര്യം നൽകുവാൻ ശുചിത്വമിഷൻ ഉദ്ദേശിക്കുന്നു. ശുചീകരണത്തിനും മാലിന്യസംസ്കരണത്തിനുമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന പ്ലാൻ ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപന പ്ലാൻ/തനതു ഫണ്ടുകളും സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

22. "സ്പിൽ-ഓവർ" വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി പട്ടികജാതി വികസന വകുപ്പ് 2015-16-ൽ കൊണ്ടുവരുന്നതാണ്. ഗുണഭോക്താക്കളുടെ പരിമിതമായ അടിസ്ഥാന വിഭവവും നിർമ്മാണച്ചെലവിലെ വർദ്ധനവും കാരണം, മുൻപ് അനുവദിച്ചിട്ടുള്ള പല വീടുകളും പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്നു. അതിനാൽ പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കുവാൻ 2015-16-ൽ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പ്, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിലും കലകളിലുമുള്ള മികച്ച പ്രകടനത്തിന് പ്രോത്സാഹനവും അവാർഡുകളും നൽകിവരുന്നു.

23. പട്ടികജാതിയിൽ ഉൾപ്പെടുന്ന വ്യവസായസംരംഭത്തിന് കഴിവുള്ള ആളുകൾക്ക് വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ യൂണിറ്റുകളും വ്യാപാരസംരംഭങ്ങളും ആരംഭിക്കുന്നതിന് നൽകപ്പെടുന്ന അവസരങ്ങളുടെ വിനിയോഗം പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനാൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സഹായം നൽകുന്നത് ലക്ഷ്യമാക്കിയുള്ള ഒരു പുതിയ പദ്ധതി 2015-16-ൽ കൊണ്ടുവരുന്നതാണ്. പിന്നാക്ക സമുദായ വികസന വകുപ്പിന്റെ

രൂപീകരണം എന്റെ സർക്കാരിന്റെ ഒരു പ്രധാന നേട്ടമാണ്. ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട വിധവകൾക്കും അശരണർക്കും ഒരു പുതിയ പാർപ്പിടപദ്ധതി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

24. ഏറ്റവും കുറഞ്ഞ കൂലിയ്ക്കായുള്ള സുരക്ഷാവലയത്തിന് (minimum wages safety net) പുറത്തുള്ള എല്ലാ തൊഴിലാളികൾക്കും നിശ്ചയിക്കപ്പെട്ട ഒരു അടിസ്ഥാനതല കൂലി പ്രതിദിനം ഉറപ്പാക്കുന്നതിന് കേരള മിനിമം ഗ്യാരന്റീഡ് വേജസ് ബിൽ കൊണ്ടുവരുന്നതിന് തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു. പൊതു-സ്വകാര്യ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം സാധ്യമാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങളുടെ ഉദാരവൽക്കരണത്തിനുശേഷമുള്ള വെല്ലുവിളികൾ നേരിടുന്നതിന് തൊഴിലാളി സമൂഹത്തെ സജ്ജമാക്കുന്നതിനുമായി, സംസ്ഥാന തൊഴിൽ നിയമങ്ങളും സംസ്ഥാന ചട്ടങ്ങളും കേന്ദ്ര തൊഴിൽ നിയമങ്ങൾക്ക് അനുരൂപമായി ഭേദഗതി ചെയ്യുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

25. 2022-ഓടുകൂടി വൈദഗ്ദ്ധ്യമുള്ള 500 ദശലക്ഷം ആളുകൾ എന്ന ദേശീയ ലക്ഷ്യം കൈവരിക്കുന്നതിനായി, വകുപ്പ് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി പുതിയ പദ്ധതികൾ/പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അത് തൊഴിലില്ലായ്മ കുറയ്ക്കുന്നതുമാണ്. ഓരോ ഐ. ടി. ഐ. യിലും സുസജ്ജമായ ഒരു 'പ്ലെയ്സ്മെന്റ് സെൽ' കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നതും പരിശീലനം നേടുന്നവർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി വ്യവസായപ്രമുഖരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതുമാണ്.

**26.** വൈദ്യചികിത്സയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ ചെലവ് കേരളത്തിന് വഹിക്കേണ്ടിവരുന്നവയിൽ ഒന്നാണ് കേരളം എന്ന വസ്തുത പരിഗണിച്ചുകൊണ്ട് സർക്കാർ ആശുപത്രികളിലെ മുഴുവൻ രോഗനിർണ്ണയ പരിശോധനകളും ഘട്ടംഘട്ടമായി സൗജന്യമായി നൽകുന്ന 'കാരുണ്യ കേരളം' എന്ന പരിപാടി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്പോൾ ശ്രദ്ധ മുഴുവൻ പ്രാഥമിക ആരോഗ്യപരിചരണത്തിലേക്ക് തിരിഞ്ഞിട്ടുണ്ട്. ശക്തമായ ഒരു പ്രാഥമിക ആരോഗ്യപരിചരണം ഉന്നതകേന്ദ്രങ്ങളിലെ ആരോഗ്യപരിചരണത്തിന്റെ ബാദ്ധ്യത കുറയ്ക്കുന്നതാണ്. ഒരു പൗരന്, നിലവാരമുള്ള ആരോഗ്യ പരിചരണം അനായാസേനയും സാമ്പത്തികക്ലേശം കൂടാതെയും പ്രാപ്തമാകണം എന്ന് അടിസ്ഥാനപരമായി അർത്ഥമാക്കുന്ന 'യൂണിവേഴ്സൽ ഹെൽത്ത് കവറേജ്' ലോകാരോഗ്യ സംഘടന ശിപാർശ ചെയ്യുന്നു. 'യൂണിവേഴ്സൽ ഹെൽത്ത് കവറേജ്' പ്രാവർത്തികമാക്കുന്നതിനായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പോലുള്ള പ്രാഥമിക പരിചരണസ്ഥാപനങ്ങളുടെ വിശാലമായ ശൃംഖലയെ സമഗ്രമായ പരിചരണകേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള ഒരു പരിപാടി എന്റെ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

**27.** ഫലപ്രദമായ ആരോഗ്യപരിചരണം പ്രദാനം ചെയ്യുന്ന സംവിധാനത്തിന്റെ ആവശ്യകത ഊന്നിപ്പറയേണ്ടതില്ല. എന്നിരുന്നാലും, ഫലപ്രദമായ ചികിത്സയ്ക്ക് തടസ്സമായി നിൽക്കുന്നത് ജനസംഖ്യാതലത്തിലും വ്യക്തിഗതതലത്തിലുമുള്ള വിവരങ്ങൾ ലഭ്യമല്ലായെന്നുള്ളതാണ്. വിവരങ്ങളുടെ ഈ അപൂർണ്ണത വൈദ്യചികിത്സകരുടെ വിഭവശേഷി, സമയം,

പരിശ്രമം എന്നിവ പാഴായി പോകുന്നതിലേക്ക് നയിക്കുന്നു. അതുകൊണ്ട് വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനായി ഒരു വിശാലമായ ഇലക്ട്രോണിക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഇലക്ട്രോണിക് ആരോഗ്യ രേഖകളും (EHR) ഇലക്ട്രോണിക് മെഡിക്കൽ രേഖകളും (EMR) വികസിപ്പിക്കുന്നതിനുള്ള ഉത്കൃഷ്ടമായ ഒരു പരിപാടിയാണ് 'കേരള ഇ-ഹെൽത്ത് പ്രോഗ്രാം.' കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് അതിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദത്തിൽ റിസർച്ച് സ്കൂൾ, ഡിസെബിലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് സെന്റർ മുതലായവ പോലുള്ള സ്കൂളുകളും സെന്ററുകളും സ്ഥാപിക്കുന്നതാണ്. മുപ്പത് വർഷങ്ങൾക്കുശേഷം എന്റെ സർക്കാർ കഴിഞ്ഞ നാലു വർഷങ്ങളിൽ നാല് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരത്തും കോന്നിയിലും രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ കൂടി ആരംഭിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. ഇതോടുകൂടി, 14 ജില്ലകളിൽ 11-ലും താങ്ങാവുന്ന ചെലവിൽ മികച്ച നിലവാരമുള്ള ആരോഗ്യപരിരക്ഷയും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസവും നൽകുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ടായിരിക്കുന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) കുടുംബങ്ങൾക്ക് സൗജന്യ ക്യാൻസർ ചികിത്സ നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള "സുകൃതം" ഞങ്ങൾ എട്ട് മെഡിക്കൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ

എല്ലാ സ്ത്രീകൾക്കും വേണ്ടി "സുഭദ്രം" എന്ന ഒരു സൗജന്യ സമഗ്ര ക്യാൻസർ ബോധവൽക്കരണ-രോഗനിർണ്ണയ-ചികിത്സ-പുനരധിവാസ പദ്ധതി കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

28. സംസ്ഥാനത്തെ ഗോത്രവർഗ്ഗപ്രദേശങ്ങളുടെ വികസനത്തിന് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നു. അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും തൊഴിലിനും സാമൂഹ്യ സാമ്പത്തിക വികസനത്തിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള 7693 ഹെക്ടർ ഭൂമി, ഭൂരഹിതരായ ഗോത്രവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശചെയ്ത പ്രകാരം കിന്റർഗാർട്ടൻ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള ഗോത്രവർഗ്ഗ വിദ്യാഭ്യാസം സാധ്യമാക്കുന്ന "ഗുരുകുലം" എന്ന പേരിലുള്ള ഒരു പുതിയ സംരംഭം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

29. പര്യാപ്തമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് വനപ്രദേശത്തിനുള്ളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകർ സ്വമേധയാ താമസം മാറ്റുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട രീതിയിലുള്ള നടത്തിപ്പ് ഉറപ്പാക്കുന്നതിനും വേണ്ടി കാസറഗോഡ് ജില്ലയിൽ ഒരു പുതിയ ഫോറസ്റ്റ് ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

30. മനുഷ്യർക്കു നേരെയുള്ള മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് സംയോജിതനടപടികൾ എടുത്തിട്ടുണ്ട്. വന്യജീവി ആക്രമണങ്ങളുടെ വർദ്ധിച്ചുവരുന്ന ഭീഷണി തടയുവാൻ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നതിനായി 9.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട്ടിലും നിലമ്പൂരിലും ഓരോ എലിഫെന്റ് സ്ക്വാഡിനുവേണ്ടി എന്റെ സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വന്യജീവി ആക്രമണങ്ങൾ കൊണ്ട് വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരമായി 6.44 കോടി രൂപ നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചാലുള്ള നഷ്ടപരിഹാര നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

31. രണ്ട് പുതിയ ഇക്കോ ടൂറിസം പദ്ധതികൾ കോന്നിയിലും ചെന്തുരുണിയിലും ആരംഭിച്ചിട്ടുണ്ട്. അവ രണ്ടും നടപ്പുവർഷത്തിൽ പൂർത്തീകരിക്കപ്പെടുന്നതാണ്. ചെന്തുരുണി ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം 2013-14 കാലയളവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതും ആ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുവാനുള്ള നടപടി നടന്നുവരികയുമാണ്. വനങ്ങളിൽ ജീവിക്കുന്ന പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുമുള്ള യുവാക്കളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് സജ്ജമാക്കുന്നതിനുവേണ്ടി അവരെ പരിശീലിപ്പിക്കുവാനുള്ള നടപടിയും നടന്നുവരികയാണ്.

32. മിഷൻ 676-ന്റെ കീഴിൽ 'കൃഷിരക്ഷാ പദ്ധതി' എന്ന പേരിലുള്ള ഒരു പദ്ധതിക്ക് എന്റെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ജൈവവൈവിധ്യസമ്പന്ന വനങ്ങൾ നൽകുന്ന ആവാസവ്യവസ്ഥാസേവനങ്ങൾക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. 10 പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതാണ്.

33. മികച്ച ക്രമസമാധാന അന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ചരീതിയിൽ ഭരണനിർവ്വഹണം നടക്കുന്ന സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കടലോര ജാഗ്രതാസമിതി, സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ്, ജനമൈത്രി പദ്ധതി, മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പദ്ധതികൾ എന്നിവപോലുള്ള വിവിധ നൂതന പദ്ധതികൾ കേരള പോലീസ് ആരംഭിച്ചിട്ടുണ്ട്. വാർഷിക റിക്രൂട്ട്മെന്റ് മുഖേന പോലീസ് സേനയെ ഊർജ്ജസ്വലമാക്കുവാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു.

34. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക എന്നത് കേരള പോലീസ് മുൻഗണന നൽകുന്ന മേഖലകളിൽ ഒന്നാണ്. സ്ത്രീകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ 15-2-2014-ൽ ആരംഭിച്ച സമഗ്രമായ ഒരു പദ്ധതിയാണ് "നിർഭയ കേരളം സുരക്ഷിത കേരളം". ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതാണ്. ആദ്യഘട്ടത്തിൽ 6 ജില്ലകൾ ഉൾപ്പെടുന്നതും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന 8 ജില്ലകൾ ഉൾപ്പെടുന്നതുമാണ്. നിലവിൽ ഈ പദ്ധതി കൊച്ചി കോർപ്പറേഷനിൽ ആരംഭിച്ചിരിക്കുന്നു.

35. കേരളത്തിൽ റോഡപകടങ്ങളിൽ ഓരോ വർഷവും 4000-ത്തിലധികം ആളുകൾ മരണപ്പെടുന്നു. ഓരോ വർഷവും ഏകദേശം 40,000 ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുന്നു. റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാനടപടികൾ കർശനമായി നടപ്പാക്കുന്നതിനുവേണ്ടി "ശുഭയാത്ര 2015" എന്ന പേരിൽ ഒരു സമഗ്രപദ്ധതി എന്റെ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളിലും വേഗതാനിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്പീഡ് റഡാറും ആൽക്കോമീറ്ററും നൽകുന്നതാണ്. ട്രാഫിക് ലംഘനങ്ങൾക്കുള്ള പിഴ ബാങ്കുകൾ മുഖേനയും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും സ്വീകരിക്കുവാൻ കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും ട്രാഫിക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതാണ്. അപകടം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (BPCL) സഹകരണത്തോടെ ഹൈവേകളിൽ ഹൈവേ ആംബുലൻസ് സർവ്വീസുകൾ ആരംഭിക്കുന്നതാണ്. ട്രാഫിക് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. അതുപോലെ സംസ്ഥാനത്ത് അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ ട്രാഫിക് നിയമങ്ങളുടെ നടപ്പിലാക്കൽ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക സ്പെഷ്യൽ ട്രാഫിക് ലാ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

36. വായ്പകൾക്ക് അമിത പലിശ ഈടാക്കിക്കൊണ്ട് കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്ന കൊള്ളപ്പലിശക്കാർക്കെതിരെ നല്ല രീതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളതും ഏകോപിപ്പിക്കപ്പെട്ടിട്ടുള്ളതുമായ 'ഓപ്പറേഷൻ കുബേര' എന്ന പേരിലുള്ള എന്റെ സർക്കാരിന്റെ നടപടി പ്രതീക്ഷിച്ച ഫലമുള്ളവാക്കിയിട്ടുണ്ട്.

37. സ്കൂളുകളുടെയും കോളേജുകളുടെയും പരിസരങ്ങളിൽനിന്ന് മദ്യം, പുകയില ഉത്പന്നങ്ങൾ മുതലായവ ഉന്മൂലനം ചെയ്യുന്നതിന് ലക്ഷ്യമിടുന്ന "സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ്" എന്റെ സർക്കാർ 2014-ൽ ആരംഭിച്ച മറ്റൊരു അഭിമാനർഹമായ പരിപാടിയാണ്. 2016-ഓടുകൂടി എല്ലാ സ്കൂൾ/കോളേജ് ക്യാമ്പസുകളും പരിസരങ്ങളും മയക്കുമരുന്ന്-പുകയില-മദ്യവിമുക്ത മേഖലകളാക്കിത്തീർക്കുന്നതാണ്.

38. എന്റെ സർക്കാർ, പോലീസ് സയൻസിനും ആഭ്യന്തര സുരക്ഷയ്ക്കും വേണ്ടിയുള്ള ദേശീയ സർവ്വകലാശാല ഈ വർഷം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തീരദേശ സുരക്ഷയ്ക്കായി ഒരു ആൾ വിമെൻ ഇന്ത്യാ റിസർവ്വ് ബറ്റാലിയനും ഒരു ഇന്ത്യാ റിസർവ്വ് ബറ്റാലിയനും രൂപീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷം കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് വിവിധ ഫയർ ആന്റ് റെസ്ക്യൂ പ്രവർത്തനങ്ങളിലൂടെ 8477 മനുഷ്യരുടെയും 5347 മൃഗങ്ങളുടെയും ജീവൻ രക്ഷിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തനങ്ങൾ മുഖേന ഏകദേശം 8508.67 കോടി രൂപ വിലമതിക്കുന്ന വസ്തുവകകൾ സംരക്ഷിക്കുകയുണ്ടായി.

39. പൗരൻമാർക്ക് "എപ്പോഴും എവിടെയും സേവനം" നൽകുന്നതിന് ലക്ഷ്യമിടുന്ന സ്പീഡി, മോഡേൺ, അഷ്വേർഡ്, റെസ്പോൺസിബിൾ ആന്റ് ട്രാൻസ്പാരന്റ് (SMART) റവന്യൂ ആഫീസ് നടപ്പിലാക്കിവരുന്നു. ഡിജിറ്റലായി ഒപ്പുവയ്ക്കപ്പെട്ട ഏകദേശം ഒരു കോടി ഓൺലൈൻ സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ റവന്യൂ ആഫീസർമാർ നൽകിയിട്ടുണ്ട്. റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (RELIS) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വില്ലേജുകളിൽ, 'ഫുള്ളി ഓട്ടോമേറ്റഡ് വെബ് എനേബിൾഡ്' മാർഗ്ഗത്തിലൂടെ ഏകദേശം 17,000 രജിസ്ട്രി കൈമാറ്റം/പോക്കുവരവ് ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്.

40. 2015 അവസാനത്തോടുകൂടി സംസ്ഥാനത്ത് 100% ഭൂരഹിതരില്ലാത്ത കുടുംബങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ ഒരു അതുല്യപദ്ധതിയായ "സീറോ ലാന്റ്ലെസ് പ്രോജക്റ്റ്-2015" നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും 3 സെന്റ് ഭൂമി നൽകിവരുന്നു. ഭൂമി വിതരണത്തിന്റെ ഒന്നാം ഘട്ടം ഇതിനകംതന്നെ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യംവച്ചുകൊണ്ട് ഊർജ്ജസ്വലതയോടെ രണ്ടാം ഘട്ടം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ 'നാഷണൽ ലെവൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്' ആയി വികസിപ്പിക്കുന്നതാണ്.

41. ഭാരതത്തിൽ ഇതാദ്യമായി കേരള ലീഗൽ മെട്രോളജി വകുപ്പ്, ബി.പി. ഉപകരണത്തിന്റെ പരിശോധനയും മുദ്രവയ്ക്കലും ആരംഭിച്ചിട്ടുണ്ട്. ആഭരണക്കടകളിലും മറ്റ് സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ബാലൻസിന്റെ പരിശോധനയും മുദ്രവയ്ക്കലും ആരംഭിച്ചിട്ടുണ്ട്.

42. ഉപഭോക്തൃ സംസ്ഥാനമായതിനാൽ കാര്യക്ഷമമായ ഒരു പൊതുവിതരണസമ്പ്രദായമില്ലാതെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിക്കുന്നതല്ല. പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവപോലെയുള്ള 13 അവശ്യസാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ 20-35% വരെ കുറഞ്ഞവിലയ്ക്ക് എന്റെ സർക്കാർ വിൽപ്പന നടത്തിവരുന്നു. തിരുവനന്തപുരത്തും കോട്ടയത്തും തലശ്ശേരിയിലും ഹൈപ്പർ മാർക്കറ്റുകൾ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏകദേശം 4 ലക്ഷം കർഷകരിൽ നിന്നും 15 ലക്ഷത്തോളം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 2500 കോടി രൂപ നൽകുകയും ചെയ്തത് എന്റെ സർക്കാരിന്റെ ഒരു അപൂർവ്വ നേട്ടമാണ്.

43. 20 ലക്ഷം അന്ത്യോദയ അന്നയോജന (AAY) കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) കുടുംബങ്ങൾക്കും കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരിയും ബി.പി.എൽ കുടുംബങ്ങൾക്ക് കിലോഗ്രാമിന് രണ്ടുരൂപ നിരക്കിൽ ഗോതമ്പും നൽകിവരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് പൊതുവിതരണസമ്പ്രദായത്തിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടം ആരംഭിച്ചിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രത ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളോടൊപ്പം തന്നെ എന്റെ സർക്കാർ റേഷൻ കാർഡ് പുതുക്കൽ നടപടിയും ആരംഭിച്ചിട്ടുണ്ട്.

44. 2015-16-ഓടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ തുറക്കുന്നതാണ്. പൊതുജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി വിൽപ്പനസാധ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകളെ ആധുനികസൗകര്യങ്ങളോടു കൂടിയ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്നതാണ്.

45. കേരളത്തിന്റെ വികസനത്തിൽ പ്രവാസി കേരളീയർ നൽകിയ സംഭാവനകൾക്ക് കേരളസംസ്ഥാനം അവരോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. 30-9-2014-ൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ പ്രവാസി കേരളീയർ നിക്ഷേപം നടത്തിയിട്ടുള്ള ഏകദേശം 97,400 കോടി രൂപയ്ക്കു പുറമേയാണ് പ്രവാസി കേരളീയർ കേരളത്തിൽ നടത്തിയിട്ടുള്ള 90,000 കോടി രൂപയിൽ അധികമുള്ള ആകെ നിക്ഷേപം. വിവിധ രാജ്യങ്ങളിലെ ആഭ്യന്തര സംഭവവികാസങ്ങൾ കാരണം ഇന്ന് നമ്മൾ വളരെ ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഭാരതസർക്കാരിന്റെ സഹായത്തോടുകൂടി ലിബിയയിലും ഇറാക്കിലുമുള്ള ആളുകളെ തിരിച്ചുകൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്നും തിരിച്ചുവരുന്ന പ്രവാസി കേരളീയരുടെ പുനരധിവാസം വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ടതും ഈ മേഖലയിൽ ഫലപ്രദമായ ഉദ്യമം ഞങ്ങൾ നടത്തിയിട്ടുള്ളതുമാണ്.

46. വിസ തട്ടിപ്പും പ്രവാസി കേരളീയരുടെ ജീവനും സ്വത്തിനും എതിരെയുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളും ഇന്ന് വളരെ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അത്തരം കേസുകൾ മാത്രമായും കാര്യക്ഷമമായും കൈകാര്യം

ചെയ്യുന്നതിന് ഒരു എൻ.ആർ.ഐ. കമ്മീഷൻ സ്ഥാപിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന വിവിധ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുവാൻ എന്റെ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

47. വ്യവസായസംരംഭങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായസംരംഭങ്ങളുടെ മേഖല സ്ഥിരമായി മെച്ചപ്പെട്ട വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായമേഖലയിലുള്ള (MSME) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ വ്യാവസായിക സംഘടനകളുമായി ചേർന്ന് ജില്ലാതല അദാലത്തുകൾ നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങളുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനും അതിന്റെ ദേശീയവും ആഗോളവുമായ ആവശ്യകത വർദ്ധിപ്പിക്കുന്നതിനും വേണ്ടി "കേരള ഹാന്റ്‌ലൂം" എന്ന പേരിലും ശൈലിയിലും കൈത്തറി ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്. കശുവണ്ടി മേഖലയിൽ, പര്യാപ്തമായ ഫണ്ടുകൾ നൽകുകയും അസംസ്കൃതവസ്തുക്കൾ യഥാസമയം എത്തിക്കുകയും ചെയ്തുകൊണ്ട് കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെയും (CAPEX) കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അതുവഴി കൂടുതൽ പ്രവൃത്തിദിവസങ്ങൾ ഉറപ്പുവരുത്തുന്നതുമാണ്. എമർജിംഗ് കേരള 2012, യുവ സംരംഭകരുടെ സംഗമം 2014 (YES) എന്നിവ പോലെയുള്ള പ്രധാന പ്രചരണപരിപാടികൾ സംസ്ഥാനത്തുടനീളം സാങ്കേതിക വിദ്യാധിഷ്ഠിതമായ വ്യവസായ സംരംഭങ്ങളുടെ ഒരു വൻതരംഗമായി മാറിയിട്ടുള്ളതും ഈ പ്രവണത തുടർന്നുവരുന്നതുമാണ്.

48. അപൂർവ്വമായ വിവിധയിനം ട്രോപ്പിക്കൽ ഫലങ്ങൾ, പച്ചക്കറികൾ, മാംസം, പാൽ, പൗൾട്രി, സമുദ്രോൽപ്പന്നങ്ങൾ എന്നിവയുടെ ലഭ്യത കേരളത്തിൽ ഭക്ഷ്യസംസ്കരണ വ്യവസായ ങ്ങൾക്ക് അനന്തസാധ്യത പ്രദാനം ചെയ്യുന്നു. ഈ അനുകൂല സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും (KSIDC) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും (KINFRA) സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിലും കയറ്റുമതിയിലും ഊന്നൽ നൽകിക്കൊണ്ട് കേന്ദ്രസഹായത്തോടെ ഒരു 'മെഗാ ഫുഡ് പാർക്ക്' സ്ഥാപിക്കുന്നതാണ്. കൽക്കരി, ചുണ്ണാമ്പ്കല്ല്, മണൽ, സിമൻറ് എന്നിവ ഇറക്കുമതി ചെയ്യുന്നതി നായി മലബാർ സിമന്റ്സ് കൊച്ചിയിൽ ഒരു സിമന്റ് ബൾക്ക് ഹാൻഡ്ലിംഗ് ടെർമിനൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി വലിയതോതിൽ അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനായി ഈ കേന്ദ്രം ഉപയോഗ പ്പെടുത്തുവാൻ കഴിയുന്നതാണ്.

49. കൊച്ചിയിലെ ബി. പി. സി. എൽ. റിഫൈനറിയുടെ ശുദ്ധീകരണശേഷി പ്രതിവർഷം 9.5 ദശലക്ഷം മെട്രിക്ടണ്ണിൽ (MMTPA) നിന്നും പ്രതിവർഷം 15.5 ദശലക്ഷം മെട്രിക്ടൺ (MMTPA) ആയി വർദ്ധിപ്പിക്കൽ 2016-ൽ പൂർത്തിയാക്കുന്നതും അതുവഴി 5,00,000 ടി. പി. എ. (TPA) പ്രൊപ്പിലീൻ ഉത്പാദിപ്പി ക്കുവാൻ കഴിയുന്നതുമാണ്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ (BPCL) നിന്നുള്ള അസംസ്കൃത പദാർത്ഥങ്ങൾ

കൊണ്ടുള്ള പുതിയ അനുബന്ധ പെട്രോകെമിക്കൽ വ്യവസായ ങ്ങളുടെ സാദ്ധ്യത പരിഗണിച്ച്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, ബി. പി. സി. എൽ. റിഫൈനറിയോട് ചേർന്ന് ഒരു പെട്രോ-കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതാണ്. എൽ. എൻ. ജി. (LNG) പൈപ്പ്ലൈൻ പ്രോജക്റ്റ് സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായകമായിട്ടുള്ളതും എൽ. എൻ. ജി. (LNG) പൈപ്പ്ലൈൻ ഇടുന്നതിനുള്ള എല്ലാ സഹായവും എന്റെ സർക്കാർ ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡിന് (GAIL) നൽകുന്നതുമാണ്. ഗാർഹിക പാചകവാതക ഉപഭോക്താക്കൾക്ക് പൈപ്പ്ലൈൻ വഴി എൽ. എൻ. ജി. (LNG) നൽകുവാൻ കഴിയുന്ന കൊച്ചി സിറ്റി ഗ്യാസ് പദ്ധതിയും സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്.

**50.** എന്റെ സർക്കാർ, പതിനാല് ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) പരിപാടി മുഖേന 100 മെഗാ ബൈറ്റ്സ് പെർ സെക്കന്റ് (mbps) ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയുള്ള രാജ്യത്തെ ആദ്യത്തെ ജില്ലയായിത്തീർന്നു. സംസ്ഥാനത്തെ ഏക പട്ടികഗോത്രവർഗ്ഗ പഞ്ചായത്തായതും വിദൂരത്ത് സ്ഥിതിചെയ്യുന്നതുമായ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന് ഇതാദ്യമായി മൊബൈൽ കണക്റ്റിവിറ്റിയും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ഈ പദ്ധതി മുഖേന ലഭിച്ചു എന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്റെ സർക്കാർ, നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് (NOFN) മുഖേന സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഹൈസ്പീഡ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി ഈ മാസം പൂർത്തിയാക്കുന്നതാണ്.

51. ആധുനിക സംവിധാനങ്ങളോടുകൂടിയ അടിസ്ഥാന സൗകര്യങ്ങൾ കൊണ്ടും അതിവിദഗ്ദ്ധമായ മാനവവിഭവശേഷി കൊണ്ടും കേരള സംസ്ഥാനം ഭാരതത്തിലെ ഒരു പ്രമുഖ ഐ.റ്റി. നിക്ഷേപകേന്ദ്രമായി തീർന്നിട്ടുണ്ട്. കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി എല്ലാ പ്രവർത്തനമേഖലകളിലും ഈ വർഷം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 7.2 ദശലക്ഷം ചതുരശ്ര അടി നിർമ്മിത വിസ്തൃതിയുള്ളതും നിലവിൽ ഏകദേശം 50,000 പ്രൊഫഷണലുകളെ നിയമിച്ചിട്ടുള്ളതും 333 കമ്പനികളുള്ളതുമായ തിരുവനന്തപുരത്തെ ടെക്നോപാർക്ക് ഭാരതത്തിലെ ഏറ്റവും വലിയ ഐ.റ്റി പാർക്കുകളിൽ ഒന്നാണ്. കൊച്ചിയിലെ ഇൻഫോപാർക്കിൽ 200 കമ്പനികളിലായി 25,000 പ്രൊഫഷണലുകൾ ജോലി ചെയ്തുവരുന്നു. രണ്ട് വർഷത്തിനകം, പണിനടന്നുകൊണ്ടിരിക്കുന്ന വികസനപദ്ധതികൾ പൂർത്തീകരിക്കുമ്പോൾ ടെക്നോപാർക്കിലും ടെക്നോസിറ്റിയിലുമായി 50,000 തൊഴിലവസരങ്ങളും കൊച്ചിയിലെ ഇൻഫോപാർക്കിൽ 30,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. സംസ്ഥാനത്തെ മൂന്നാമത്തെ ഐ.റ്റി. കേന്ദ്രമായി കോഴിക്കോടിനെ വികസിപ്പിച്ചു വരികയാണ്. 2.88 ലക്ഷം ചതുരശ്ര അടി നിർമ്മിത വിസ്തൃതിയുള്ള ആദ്യത്തെ ഐ.റ്റി. കെട്ടിടമായ കോഴിക്കോട് സൈബർപാർക്ക് 2015 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതും അത് 3000 പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്നതുമാണ്. എന്റെ സർക്കാർ, 'സ്റ്റാർട്ട് അപ് ഇക്കോസിസ്റ്റ'ത്തിന്റെ വികസനം പരിപോഷിപ്പിക്കുന്ന 2015-ലെ കേരള ടെക്നോളജി സ്റ്റാർട്ട് അപ് നയം കൊണ്ടുവന്നിട്ടുണ്ട്.

52. എന്റെ സർക്കാർ, കളമശ്ശേരിയിൽ വിവിധ പ്രവൃത്തി മേഖലകളിലുള്ള ഇൻകുബേറ്ററുകൾ ഉൾപ്പെടുന്നതും മറ്റെല്ലാ സഹായകസൗകര്യങ്ങളും നൽകുന്നതുമായ ഒരു ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കുന്ന പ്രക്രിയയിലാണ്. ഈ മേഖലയിൽ സ്ഥാപിതമായ സ്റ്റാർട്ട് അപ് വില്ലേജും ഉൾപ്പെടുന്നതാണ്. ഈ സ്റ്റാർട്ട് അപ് കമ്പനികളെ സഹായിക്കുന്നതിനായി ഏയ്ഞ്ചൽ ആന്റ് വെഞ്ചർ ഫണ്ടുകൾ രൂപീകരിക്കുന്നതിന് എന്റെ സർക്കാർ സൗകര്യമൊരുക്കുന്നതാണ്.

53. എന്റെ സർക്കാർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡ് ശൃംഖലകളുടെ വികസനത്തിന് പരമപ്രാധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ മേൽപ്പാലങ്ങൾ, പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി 10,000 കോടി രൂപയോളം ചെലവ് വരുന്ന 'സസ്റ്റെയ്നബിൾ ആന്റ് പ്ലാൻഡ് എഫർട്ട് റ്റു എൻഷ്വർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഓഫ് കേരള' (SPEEID Kerala) പദ്ധതി എന്റെ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്പീഡ് കേരളയുടെ കീഴിലുള്ള എല്ലാ പദ്ധതികളുടെയും നിർമ്മാണം തുടങ്ങുന്നതിന് ആവശ്യമായ നടപടി ഈ വർഷം ആരംഭിക്കുന്നതാണ്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം 2015 മാർച്ചിൽത്തന്നെ സമാരംഭിക്കുന്നതാണ്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതാണ്.

54. മൊത്തം വാഹനഗതാഗതത്തിന്റെ 40% ദേശീയ പാതകളിൽക്കൂടിയായതിനാൽ ദേശീയപാതകളുടെ വികസനം വളരെ നിർണ്ണായകവും അതിന് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നതുമാണ്. എന്റെ സർക്കാർ, എൻ.എച്ച്. 47-ഉം, എൻ.എച്ച്. 17-ഉം 45 മീറ്റർ വീതിയുള്ള

റൈറ്റ് ഓഫ് വേ (ROW)-യോടെയുള്ള നാലുവരി പാതയാക്കുന്നതിൽ മുന്നോട്ടുപോകുവാൻ തീരുമാനിച്ചിട്ടുള്ളതും ഈ ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരം നഗരപാത മെച്ചപ്പെടുത്തൽ പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതാണ്. കോഴിക്കോട് നഗരപാത മെച്ചപ്പെടുത്തൽ പദ്ധതിയുടെ പണികൾ ഈ വർഷം ആരംഭിക്കുന്നതാണ്. ലോകബാങ്ക് അംഗീകരിച്ചിട്ടുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതി (KSTP)-യുടെ രണ്ടാം ഘട്ടം ഇതിനകം ആരംഭിച്ചിട്ടുള്ളതും ഏഴ് പാക്കേജുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. കേരള സംസ്ഥാന ഗതാഗത പദ്ധതി (KSTP)-യുടെ കീഴിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മോഡൽ സേഫ്റ്റി കോറിഡോർ പ്രോജക്റ്റ് ഈ വർഷം നടപ്പിലാക്കുന്നതാണ്. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പദ്ധതിയ്ക്കുപകരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

55. പൊതുമരാമത്ത് വകുപ്പും അതിന് കീഴിലുള്ള മറ്റ് ഏജൻസികളും ഇപ്പോൾ 182 പാലങ്ങളും മേൽപ്പാലങ്ങളും/ആർ.ഒ.ബി.-കളും (ROBs) നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇവയിൽ 100 പാലങ്ങൾ, വരുന്ന 400 ദിവസങ്ങളിൽ സംസ്ഥാനത്ത് കമ്മീഷൻ ചെയ്യുന്നതാണ്. ഈ വർഷം ആന്വിറ്റി സ്കീമിൻകീഴിൽ പതിനാല് പുതിയ വൻപദ്ധതികളുടെ നടപ്പിലാക്കൽ ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

56. തൂത്തുക്കുടിക്കും കൊല്ലത്തിനും ഇടയിൽ കശുവണ്ടി കണ്ടെയ്നറുകൾ കൊണ്ടുപോകുന്നത് തീരദേശ കപ്പൽഗതാഗതം മുഖേനയാക്കുന്നതാണ്. കൊടുങ്ങല്ലൂരിൽ വാർഫിന്റെയും യാർഡിന്റെയും നിർമ്മാണത്തോടെ കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം ആരംഭിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടുകൂടി കൊടുങ്ങല്ലൂരും അഴീക്കൽ തുറമുഖത്തും ഗോഡൗണുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിന് മാത്രമായി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള വാർഫിന്റെ നിർമ്മാണം ബേപ്പൂർ തുറമുഖത്ത് ആരംഭിക്കുന്നതും ഇതിനായുള്ള പരിസ്ഥിതി ആഘാതപഠനം (E.I.A.) പുരോഗമിച്ചു വരികയുമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ സീപോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 800 കോടി രൂപയുടെ സംരംഭക മൂലധനത്തിന് ഉപരിയായുള്ള തുക (Viability Gap Funding) ലഭ്യമാക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുള്ളതും ഈ പദ്ധതി ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (DBFOT) രീതിയിൽ നടപ്പിലാക്കുന്നതുമാണ്.

57. സർക്കാർ/എയ്ഡഡ് കോളേജുകൾ ഇല്ലാത്ത 18 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ പതിനേഴ് പുതിയ സർക്കാർ കോളേജുകളും ഒരു എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജും അനുവദിച്ചിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ അവസരം ലഭിക്കുന്നതിനായി കണ്ണൂർ, കോഴിക്കോട്, എം.ജി., കേരള എന്നീ സർവ്വകലാശാലകളുടെ കീഴിൽ 200-ൽ അധികം സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയെ (CUSAT) കൂടുതൽ ഗവേഷണ

സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി ആയി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

58. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥി സംരംഭകത്വ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുകയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഹാജർ അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. എമർജിംഗ് കേരള പ്രോജക്റ്റിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ നൈപുണ്യനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബോഷ്, മേഴ്സിഡസ്, ബെൻസ് എന്നിവപോലുള്ള ബഹുരാഷ്ട്ര കമ്പനികളുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

59. ട്യൂട്ടോറിയലുകൾ, അധികസമയ അദ്ധ്യാപനം, ചർച്ചാ ക്ലാസുകൾ, ക്വസ്റ്റ്യൻ ബാങ്കുകൾ, പഠന സാമഗ്രികൾ എന്നീ മാർഗ്ഗങ്ങളിലുള്ള സമയോചിതമായ സഹായത്തിലൂടെ, പാഠ്യപദ്ധതിയുടെ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സഹായം നൽകുന്നതിനുവേണ്ടിയുള്ള 'സ്കോളർ സപ്പോർട്ട് പ്രോഗ്രാം' (SSP) എന്റെ സർക്കാരിന്റെ ഒരു നൂതന സംരംഭമാണ്. വ്യക്തിപരവും വെബ് അധിഷ്ഠിതവുമായ രീതിയിലൂടെ ക്ലാസ്സുകൾ നടത്തുന്നതാണ്. എന്റെ സർക്കാർ, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലുമുള്ള കോളേജുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നതിനായി നാഷണൽ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മാതൃകയിൽ കേരള സ്റ്റേറ്റ് അക്രെഡിറ്റേഷൻ ആന്റ് അസെസ്സ്മെന്റ് കൗൺസിൽ (KSAAC) സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

60. കേരളത്തെ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ് ആക്കുന്നതിനായി ദുബായ് അക്കാദമിക് സിറ്റിയുടെ മാതൃകയിൽ കേരളത്തിൽ ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ ഈ ആശയം മുന്നോട്ട് വയ്ക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) ആരംഭിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികളായ കരിയർ ഫെസ്റ്റ്, കരിയർ ഗൈഡൻസ്, കൗൺസലിംഗ്, സ്ത്രീ ശാക്തീകരണ പരിപാടികൾ മുതലായവ 2015-16 വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വൊക്കേഷണൽ ലാബുകൾ ആധുനികവൽക്കരിക്കുന്നതിനും ഇ-ഓഫീസുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിനായി ഒരു സമഗ്ര സ്കൂൾ വികസന മാർഗ്ഗനിർദ്ദേശവും കർമ്മപരിപാടിയും തയ്യാറാക്കുവാൻ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് ഉദ്ദേശിക്കുന്നുണ്ട്. പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാർത്ഥി വിലയിരുത്തൽ പ്രക്രിയ ശാസ്ത്രീയമായി പുനഃക്രമീകരിക്കുന്നതാണ്. മയക്കുമരുന്ന് വിരുദ്ധ പ്രചാരണം, ഗൈഡൻസ് ആന്റ് കൗൺസിലിംഗ് പരിപാടികൾ എന്നിവയും 2015-2016 വർഷത്തിൽ ആരംഭിക്കുന്നതാണ്.

61. ഈ വർഷം കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നടപടി എന്ന നിലയിൽ കൊറിയർ സർവ്വീസുകളും

പാഴ്സൽ സർവ്വീസുകളും ആരംഭിക്കുവാൻ കെ. എസ്. ആർ. ടി. സി. (KSRTC) ഉദ്ദേശിക്കുന്നു. വൻനഗരങ്ങളിലെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുന്നതിനുവേണ്ടി ജൻറം (JnNRUM) ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KURTC) എന്ന പേരിൽ ഒരു സബ്സിഡിയറി കോർപ്പറേഷൻ ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ അത് പൂർണ്ണമായും പ്രവർത്തനനിരതമാകുന്നതാണ്.

62. ഒരു വർഷത്തിനുള്ളിൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി, ധനസമാഹരണത്തിന്റെ പരിസമാപ്തിയിലെത്തിച്ചേരുകയും പ്രതീക്ഷിച്ചിരുന്ന പദ്ധതിച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഗണ്യമായ നീക്കിയിരിപ്പ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പദ്ധതിമൂലം ബാധിക്കപ്പെട്ട ആളുകൾക്കുണ്ടാകുന്ന ദോഷഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഏറ്റവും മികച്ച പുനരധിവാസ-പുനഃസ്ഥാപന നയമാണ് കെ.എം.ആർ.പി.ക്കുള്ളത്.

63. കൊച്ചിയിലെ യാത്രക്കാരായ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് അനുമതി നൽകുമ്പോൾ ഉണ്ടായിരുന്ന നിബന്ധന പ്രകാരം എല്ലാ നഗര ഗതാഗത സംവിധാനങ്ങളെയും ഒറ്റ ശൃംഖലയ്ക്കും മേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിൽ സംയോജിപ്പിക്കുന്നതിനായി, ഒരു യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA)-ക്ക് വേണ്ടി ഒരു നിയമ നിർമ്മാണം കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരത്തിനും ചെങ്ങന്നൂരിനും ഇടയിലുള്ള സബർബൻ റെയിൽ പദ്ധതിക്ക് വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് എന്റെ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

64. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി എ.ടി.എം. (ATM) സ്ഥാപിക്കൽ, റുപേ (RuPay) കാർഡുകൾ, ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) സമ്പ്രദായം മുതലായവ പോലെയുള്ള നൂതനസാങ്കേതികവിദ്യാ നടപടികൾ ഏർപ്പെടുത്തിക്കൊണ്ട് സഹകരണ ബാങ്കിംഗ് മേഖല ശക്തിപ്പെടുത്തുന്നതാണ്.

65. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) നിലവിൽ ചെറുകിട ജലവൈദ്യുതമേഖലകളിൽ മൊത്തം 195.1 മെഗാവാട്ട് ശേഷിയുള്ള 13 പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തിലെ അഗളിയിൽ കാറ്റിൽ നിന്നുള്ള ഊർജ്ജം വഴി 82 മെഗാവാട്ട് മൊത്തം ശേഷിയുള്ള വൈദ്യുതവികസനം ലക്ഷ്യമിട്ട് നാഷണൽ ഹൈഡ്രോ ഇലക്ട്രിക്ക് പവർ കോർപ്പറേഷനുമായി എന്റെ സർക്കാർ, ഇതിനകം ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഏഴ് 110 കെ. വി. സബ് സ്റ്റേഷനുകൾ, രണ്ട് 66 കെ. വി. സബ് സ്റ്റേഷനുകൾ, ആറ് 33 കെ. വി. സബ്സ്റ്റേഷനുകൾ എന്നിവയും അനുബന്ധ ലൈനുകളും 2015-16-ൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

66. വിതരണ മേഖലയിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സേവനമേന്മയിലും വിതരണത്തിന്റെ നിലവാരം നിലനിർത്തുന്നതിലുമാണ്. ഭാരതത്തിലെ ഊർജ്ജ വിതരണ കമ്പനികൾക്കിടയിൽ (Discoms) മികച്ച പ്രകടനം കാഴ്ച വച്ചതിനുള്ള 2014-ലെ ദേശീയ ഊർജ്ജ

സംരക്ഷണ അവാർഡ് ഊർജ്ജ മന്ത്രാലയത്തിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചത് അർഹതപ്പെട്ട അംഗീകാരമാണ്.

67. എനർജി മാനേജ്മെന്റ് സെന്ററിന്റെയും (EMC) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ആ പ്രദേശത്തുള്ള ജനങ്ങളുടെയും പങ്കാളിത്തത്തോടെ ചെറുകിട ജല വൈദ്യുത പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്നതിനുള്ള ഒരു നവീന മാതൃക വികസിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ഉദ്ദേശിക്കുന്നുണ്ട്. ഈ പൊതു-സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത (PPPP) മാതൃക ഭാരതത്തിൽ ഇത്തരത്തിൽ ആദ്യത്തേതായിരിക്കും.

68. കേരളത്തിന്റെ ഊർജ്ജസ്രോതസ്സുകളിൽ സൗരോർജ്ജത്തിന്റെ ഉപയോഗം മുഖ്യധാരയിലെത്തിക്കുക, സംസ്ഥാനത്തിന്റെ സൗരോർജ്ജ മേഖലയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ എന്റെ സർക്കാർ 2013-ലെ കേരള സൗരോർജ്ജ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

69. "ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം" എന്ന നൂതന വിനോദസഞ്ചാര പദ്ധതി 2015-16-ൽ തുടങ്ങുവാൻ കേരള ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. ജനങ്ങളുടെ സജീവമായ പങ്കാളിത്തമാണ് ഈ പദ്ധതിയുടെ പ്രത്യേകത. തുടക്കത്തിൽ, സംസ്ഥാനത്തൊട്ടാകെയുള്ള തിരഞ്ഞെടുക്കപ്പെട്ട 144 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഇത് ആരംഭിക്കുന്നതാണ്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതു വഴി തദ്ദേശ ജനതയ്ക്ക് വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനങ്ങൾ എത്തിക്കുകയും അതുവഴി സാമ്പത്തിക ഉന്നമനം കൈവരിക്കുകയും ചെയ്യുക എന്നതാണ് ഇത് വിഭാവനം

ചെയ്യുന്നത്. "മൾട്ടി ഫെയ്ത്ത് ടൂറിസം സർക്യൂട്ട്" എന്ന വ്യത്യസ്തമായ ഒരു വിനോദസഞ്ചാര പദ്ധതി നടപ്പുവർഷം വിനോദസഞ്ചാര വകുപ്പ് ആരംഭിക്കുന്നതാണ്.

70. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച ഭാരതത്തിലെ ഏക സംസ്ഥാനമെന്ന നിലയിൽ കേരളം വേറിട്ടു നിൽക്കുന്നു. 737 ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക എന്ന നിർബന്ധിത ജോലി കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിൽ ഒരു ദേശീയ ജൈവവൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും മൂന്നാറിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വിനോദസഞ്ചാരത്തിന് വളരെയധികം സാദ്ധ്യതയുള്ള സ്ഥലമായ മൂന്നാറിൽ സ്ഥിതിചെയ്യുന്ന കേരളത്തിന്റെയും പശ്ചിമഘട്ടങ്ങളിലെയും ജൈവവൈവിധ്യം പ്രദർശിപ്പിക്കുന്ന ആധുനികസൗകര്യങ്ങളോടുകൂടിയ ആദ്യത്തെ ജൈവവൈവിധ്യ ഉദ്യാനമാകും ഇത്.

71. കേരള സംസ്ഥാനത്ത് ബാധകമായ എല്ലാ കേന്ദ്ര ആക്റ്റുകളും മലയാളത്തിൽ പ്രസിദ്ധീകരിക്കുവാൻ കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ പരമാവധി പരിശ്രമിക്കുകയാണ്. ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കണമെന്ന എന്റെ സർക്കാരിന്റെ നയമനുസരിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സുപ്രധാന വിധിന്യായങ്ങളും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായങ്ങളിന്മേലുള്ള ചുരുക്കകുറിപ്പുകളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനായി ഒരു ഔദ്യോഗികഭാഷാ പ്രസിദ്ധീകരണ സെൽ രൂപീകരിച്ചു.

72. 2015 നവംബർ 1-ാം തീയതി കേരളം അതിന്റെ 60-ാം ജന്മദിനം ആഘോഷിക്കുകയാണ്. കഴിഞ്ഞ 60 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ നേട്ടങ്ങളും വികസനങ്ങളും വിളംബരം ചെയ്യുന്നതിന് 2015 നവംബർ മുതൽ 2016 നവംബർ വരെ ഒരു വർഷം നീളുന്ന വജ്രജൂബിലി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിൽ (CMPGRC) സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും ഒരേ വേദിയിൽ കൊണ്ടുവരുന്നതിന് ഇ-സുതാര്യ കേരളം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനം മൂന്ന് മാസത്തിനകം തുടങ്ങുന്നതാണ്.

73. വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഗുണഭോക്താവിന് ക്ലിയറൻസ് ഉത്തരവുകൾ ഓൺലൈനിലൂടെ ലഭിക്കുന്നതിനും വേണ്ടി എന്റെ സർക്കാർ ''വാംസ്'' (വേയ്സ് ആന്റ് മീൻസ് സിസ്റ്റം) എന്ന ഒരു പുതിയ സോഫ്റ്റ്‌വെയർ ആരംഭിക്കുകയുണ്ടായി. എല്ലാ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി, റിട്ടയേർഡ് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻനായർ ചെയർമാനായുള്ള 10-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ എന്റെ സർക്കാർ രൂപീകരിക്കുകയുണ്ടായി.

74. ട്രഷറി സേവിംഗ്സ് ബാങ്കിനുവേണ്ടിയുള്ള കോർബാങ്കിംഗ് സോഫ്റ്റ്‌വെയർ 2015 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. കോർ ബാങ്കിംഗ് സിസ്റ്റം നടപ്പാക്കിയതിനുശേഷം വൈദ്യുതി ബിൽ, വെള്ളക്കരത്തിന്റെ

ബിൽ, തുടങ്ങിയ യൂട്ടിലിറ്റി പേയ്മെന്റുകൾ, കെ. എസ്. എഫ്. ഇ. ചിട്ടിയിലേക്കുള്ള പണം നൽകൽ മുതലായവ ട്രഷറികൾ മുഖേന സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. 2014 ഏപ്രിൽ മാസം മുതൽ എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പളബില്ലുകൾ ഓൺലൈൻ സബ്മിഷൻ രീതിയിൽ മാത്രമാണ് സ്വീകരിച്ച് പാസ്സാക്കിവരുന്നത്.

75. കേരളമൊട്ടാകെ മദ്യാസക്തിക്ക് എതിരെയുള്ള വിപുലമായ പ്രചരണം എക്സൈസ് വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലുമുള്ള ലഹരി വിമുക്ത ക്ലബുകൾ, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, മാധ്യമങ്ങൾ എന്നിവയുടെ സഹായത്തോടെ ''ലിക്വർ ഫ്രീ കേരള'' (മദ്യ വിമുക്ത കേരളം) എന്ന പരിപാടി നടപ്പിലാക്കിക്കൊണ്ട് മദ്യാസക്തിക്കും മയക്കുമരുന്നുകൾക്കും എതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്.

76. 12-ാം പഞ്ചവൽസര പദ്ധതി കാലയളവിലെ പദ്ധതികളിലൂടെ സംസ്ഥാനത്തെ 12 ലക്ഷം വീടുകളുടെ കുറവ് പരിഹരിക്കപ്പെടുമെന്നാണ് സംസ്ഥാന പാർപ്പിടനയം വിഭാവനം ചെയ്യുന്നത്.

77. ചരക്കുകളും സേവനങ്ങളും നികുതി ആക്റ്റ് (GST) കൊണ്ടുവരുന്നതിലൂടെ ഒരു പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കുന്നതുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോവുകയാണ്. വരുമാനനഷ്ടം ഉണ്ടാവുകയില്ല എന്ന ശുഭാപ്തി വിശ്വാസത്തോടുകൂടി ജി. എസ്. റ്റി. വ്യവസ്ഥയെ എന്റെ സർക്കാർ പൂർണ്ണമനസ്സോടുകൂടി സ്വാഗതം ചെയ്യുന്നു. ജി. എസ്. റ്റി. കൊണ്ടുവരുന്നതുവഴി ഉണ്ടാകുന്ന ഏതെങ്കിലും വരുമാന നഷ്ടം ഭാരതസർക്കാർ നികത്തുമെന്നും

പ്രതീക്ഷിക്കുന്നു. ജി. എസ്. റ്റി. നടപ്പിലാക്കുവാൻ തയ്യാറെടുക്കുന്നതിനുള്ള എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.

**78.** എന്റെ സർക്കാർ, കയർ തൊഴിലാളികളുടെ വേതനം 260 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും പ്രകൃതിദത്തമായ നാരും അനുബന്ധ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട ഒരു അന്താരാഷ്ട്രപരിപാടിയായ കയർ കേരള-2014-ഉം 2015-ഉം കയർ ഉൽപ്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്ന തിനായി ദേശീയതലത്തിലുള്ള പ്രദർശനങ്ങളും സംഘടി പ്പിക്കുകയുണ്ടായി. 2011-12-ൽ കയറ്റുമതി 1052.62 കോടി രൂപയ്ക്കായിരുന്നതും അത് 2013-14-ൽ 1476.03 കോടി രൂപയ്ക്കു വരെയായി ഉയർന്നിട്ടുള്ളതുമാണ്.

**79.** നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് (NABARD)/നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)/ടെക്നോളജി മിഷൻ, സംസ്ഥാനപ്ലാൻ എന്നിവയുടെ കീഴിലുള്ള "മിഷൻ 676"-ന്റെ കീഴിൽ പണി നടന്നുകൊണ്ടിരിക്കുന്ന 154 പദ്ധതികളും കേരള ജല അതോറിറ്റി 2015-2016-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് പൂർത്തിയാകുന്നതോടെ ജനസംഖ്യയുടെ ഏകദേശം 60 ശതമാനത്തിന് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാകുന്നതാണ്. ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നത് തുടരുന്നതും അടുത്തവർഷം 23 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപ്രദേശങ്ങളിൽ ഏജൻസിയുടെ മഴവെള്ളസംഭരണപദ്ധതികളുടെ കീഴിൽ 1000 ഗാർഹിക മഴവെള്ളസംഭരണ യൂണിറ്റുകൾ (RWH units) നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

**80**. 2015-16-ൽ ജലസേചന വകുപ്പ്, കുടിയ്ക്കുന്നതിനും ജലസേചനത്തിനും ഉള്ള ജലത്തിന്റെ പരിശുദ്ധി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളപ്പൊക്കവും പ്രധാന നദികളിലേയ്ക്ക് ഉപ്പുവെള്ളം പ്രവഹിക്കുന്നതും നിയന്ത്രിക്കുന്നതിന് ''ഫ്ളഡ് എംബാങ്ക്മെന്റുകൾ'' നിർമ്മിക്കുന്നതിന് ഒരു പുതിയ പദ്ധതി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

**81**. വേനൽക്കാലത്തെ ജലക്ഷാമം കുറയ്ക്കുന്നതിനും ജലസംരക്ഷണത്തിന് മുൻകൂട്ടിയുള്ള നടപടികൾ ആരംഭിക്കുന്നതിനുമായി, മീനച്ചിൽ, വാമനപുരം, അച്ചൻകോവിൽ, ചാലിയാർ എന്നീ 4 നദികളിൽ, ഒഴുകിവരുന്ന വെള്ളം സംഭരിക്കുന്ന ചെറിയ ജലസംഭരണികളുടെ (Run off River Mini Reservoir)നിർമ്മാണം ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊടുപുഴയിൽ ഒരു ജലസേചന മ്യൂസിയം ആരംഭിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രിബ്യൂണൽ അവാർഡ് പ്രകാരം നൽകിയിട്ടുള്ള ജലം ഉപയോഗപ്പെടുത്തുന്നതിനായി കബനീനദീതടപ്രദേശത്ത് റെഗുലേറ്ററുകളുടെ ഒരു ശൃംഖല നിർമ്മിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**82**. നമ്മുടെ സംസ്ഥാനത്തിന്റെയും ഭാരതസർക്കാർ ഇപ്പോൾ ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ച നമ്മുടെ ഭാഷയായ മലയാളത്തിന്റെയും സമ്പന്നമായ സാംസ്കാരികപാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്റെ സർക്കാർ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിന്റെയും പഴശ്ശി മ്യൂസിയത്തിന്റെയും നെടുമങ്ങാടുള്ള കോയിക്കൽ കൊട്ടാരത്തിന്റെയും നവീകരണ പ്രവർത്തനങ്ങൾ 2015-16 വർഷം

പൂർത്തിയാക്കുന്നതാണ്. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും കൊങ്കണി സാഹിത്യ അക്കാദമിയും അവരുടേതായ മേഖലകളിൽ വിവിധ പദ്ധതികൾ ഊർജ്ജസ്വലമായി നടപ്പിലാക്കുന്നുണ്ട്. കിളിമാനൂരിലെ രാജാ രവിവർമ്മ സ്മാരകത്തിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുള്ളതും ഇപ്പോൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ളതുമാണ്.

83. പതിനാല് ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലുള്ള ബാസ്റ്റിയൻ ബംഗ്ലാവ്, തൃശ്ശൂരുള്ള കൊല്ലങ്കോട് കൊട്ടാരം, തിരുവനന്തപുരത്തുള്ള ശ്രീപാദം കൊട്ടാരം, വയനാടുള്ള പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ പണികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ചരിത്രപ്രധാനമായ യോഗം നടന്ന വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമരസേനാനികളുടെ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാറായിട്ടുണ്ട്. 23.04 കോടി രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങളോടും അനുബന്ധസൗകര്യങ്ങളോടും കൂടി ടാഗോർ സെന്റിനറി ഹാൾ നവീകരിച്ചിട്ടുണ്ട്. കോഴിക്കോടിനെ ശിൽപനഗരിയായും കോട്ടയത്തെ ചുമർചിത്രകലാനഗരിയായും പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

84. സാമൂഹ്യനീതി വകുപ്പ് കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് എടുത്തുപറയുവാൻ എനിയ്ക്ക് അതീവ സന്തോഷമുണ്ട്. വകുപ്പിന്റെ മികച്ച രീതിയിലുള്ള സംഘടിതപ്രവർത്തനവും ഏകോപനവും അതിന്റെ പ്രവർത്തനത്തെ ത്വരിതഗതിയിലാക്കിയിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഷീ-ടാക്സി, ഷീ-ടോയ്‌ലെറ്റ്, ഫുഡ് ഓൺ വീൽസ്, ജെൻഡർപാർക്ക്, ആശ്വാസകിരണം,

വയോമിത്രം, കോക്ലിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവ്വം, വിഭിന്നശേഷിയുള്ളവരുടെ നിയമനം, വിശപ്പ് രഹിത നഗരം, പ്രത്യാശ, നിർഭയ എന്നിവപോലെയുള്ള പദ്ധതികളും വനിതാരത്നം പുരസ്ക്കാരം ഉൾപ്പെടുന്ന ഇതുപോലെയുള്ള മറ്റനേകം കാര്യങ്ങളും ദേശീയശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

85. അംഗപരിമിതർക്കായി ഒരു സമഗ്രനയം ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതുമാണ്. ഓട്ടിസം സ്പെക്ട്രം ഡിസോർഡറിനുള്ള ഒരു സമഗ്രപരിപാടി നടപ്പിലാക്കുന്നതാണ്. ഡേ കെയർ സെന്ററുകളോടും പരിശീലനം സിദ്ധിച്ച പരിപാലകരോടും കൂടി മറവിരോഗം സംബന്ധിച്ച സംസ്ഥാന ഉദ്യമം ആരംഭിക്കുന്നതാണ്. ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജനങ്ങൾക്ക് സമഗ്രപരിചരണസൗകര്യങ്ങൾ നൽകുന്ന വയോജന സൗഹൃദ പഞ്ചായത്താക്കുന്നതാണ്. എല്ലാ ജില്ലകളിലും മാനസിക വൈകല്യമുള്ളവർക്കായി മാനസിക-സാമൂഹിക-പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

86. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ എറണാകുളത്ത് ഒരു 'ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ' സ്ഥാപിക്കുന്നതാണ്. കുടുംബശ്രീ, ബ്ലോക്ക് തലത്തിൽ കാർഷികോൽപ്പന്ന വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതും അതിൽ 20 ശതമാനം വിഭിന്നശേഷിയുള്ളവർക്കായി നീക്കിവയ്ക്കുന്നതുമാണ്. വിവിധതലസമീപനത്തോടുകൂടി വാർദ്ധക്യസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജനസൗഹൃദമാക്കുന്നതാണ്.

87. എന്റെ സർക്കാർ, "അവളുടെ വിദ്യാഭ്യാസം നമ്മുടെ ഉത്തരവാദിത്വം" എന്ന പദ്ധതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്.

88. എന്റെ സർക്കാർ, ശബരിമലയുടെ പരിസ്ഥിതി സൗഹൃദപരമായ രീതിയിലുള്ള ആസൂത്രിതവും ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ വികസനത്തിന് മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തപ്രകാരമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ നാളിതുവരെ 52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

89. സുതാര്യതയും പൗരകേന്ദ്രീകൃത ഭരണവും അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവും ആണ് എന്റെ സർക്കാരിന്റെ മുഖമുദ്ര. പൗരൻമാർക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിന് എല്ലാ സർക്കാർ വകുപ്പുകളിലും ഇതിനകംതന്നെ സേവനാവകാശം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഭരണസംവിധാനത്തിൽ നിന്ന് അഴിമതി ഉൻമൂലനം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

90. ഏതൊരു സംസ്ഥാനത്തിന്റെയും ഏറ്റവും വലിയ സമ്പത്താണ് മാനവവിഭവശേഷി എന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഗുണമേന്മയുള്ള സേവനം സാധാരണക്കാരന് നൽകുന്നതുവഴി മാനവവിഭവശേഷിയെ സമൂഹത്തിന് മുതൽക്കൂട്ടാകുന്ന ഉന്നത നിലവാരത്തിലുള്ള പ്രകടനം

കാഴ്ചവയ്ക്കുന്ന വ്യക്തികളായി രൂപാന്തരപ്പെടുത്തുക എന്നതാണ് വിവരസാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയേക്കാളുപരി ഏറ്റവും പ്രധാനപ്പെട്ട ഘടകം മനുഷ്യനാണ് എന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഭരണത്തിൽ സുതാര്യവും കടലാസ് രഹിതവുമായ ആഫീസ് നടപ്പിലാക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിലേക്കായി സെക്രട്ടേറിയറ്റിലെ പത്ത് വകുപ്പുകളിൽ ഇ-ആഫീസ് നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത വർഷത്തോടുകൂടി ഇത് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്ക് നവീകരിച്ചുകൊണ്ട് ഒരു മോഡുലാർ കമ്പ്യൂട്ടർ നെറ്റ്‌വർക്കിലൂടെ സെക്രട്ടേറിയറ്റിനെ ആധുനികവൽക്കരിക്കുന്നതാണ്. വിവിധ സർക്കാർ വകുപ്പുകളിൽ മനുഷ്യവിഭവശേഷിയുടെ ക്ഷമത വർദ്ധിപ്പിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് 24 × 7 അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി സാധാരണക്കാരന് സേവനം നൽകുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും എന്റെ സർക്കാർ ഇ-ആഫീസ് നടപ്പിലാക്കുന്നതാണ്. സർക്കാരിനു വേണ്ടിയുള്ള 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ ക്രയങ്ങൾക്കും ഇ-ടെൻഡറിംഗ് പ്ലാറ്റ്ഫോം നിർബന്ധമാക്കിയിട്ടുണ്ട്. ഇ-ടെൻഡറിംഗിനുള്ള സ്ലാബ് എന്റെ സർക്കാർ അഞ്ച് ലക്ഷമായി കുറയ്ക്കുന്നതാണ്.

**91.** കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) രൂപീകരിക്കുന്നതിനായി ഒരു ചരിത്രപരമായ കാൽവയ്പ് നടത്തിയിട്ടുണ്ട്. സംതൃപ്തമായ തൊഴിൽശക്തി മഹത്തരമായ ശക്തിയാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നതും തൊഴിലാളികളുടെ

ന്യായമായ പരാതികളും ആശങ്കകളും പരിഹരിക്കുന്നതിന് സാദ്ധ്യമായതെല്ലാം എന്റെ സർക്കാർ ചെയ്യുന്നതുമാണ്. അതേസമയം സാധാരണ ജനങ്ങളുടെ ആശങ്കകൾക്കായിരിക്കണം ബന്ധപ്പെട്ട എല്ലാവരും മുഖ്യപരിഗണന നൽകേണ്ടത്. കേരളത്തെ യഥാർത്ഥത്തിൽ "ദൈവത്തിന്റെ സ്വന്തം ഇ-സംസ്ഥാനം" ആയി മാറ്റുന്നതിലേക്ക് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

92. "ഇയറ്റലും ഈട്ടലും കാത്തലും കാത്ത
വകുത്തലും വല്ലത് അരശ്"

എന്ന് മഹാനായ തമിഴ് യോഗി തിരുവള്ളുവർ പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ "വിഭവങ്ങളെ പരമാവധി സമാഹരിക്കുകയും വിഭവങ്ങളെ ഫലപ്രദമായി സമ്പത്തായി മാറ്റുകയും അങ്ങനെ നേടിയെടുത്ത സമ്പത്തിനെ സുരക്ഷിതമായി സൂക്ഷിക്കുകയും ആ സമ്പത്തിനെ സംസ്ഥാനത്തിലെ ജനതയ്ക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന രീതിയിൽ വിവേകപൂർവ്വം ചെലവഴിക്കുകയും ചെയ്യുന്നതാണ് സദ്ഭരണം" എന്നതാണ്. ഇക്കാര്യത്തിൽ രാജ്യത്തിന് മുഴുവനും എന്റെ സംസ്ഥാനം ഒരു മാതൃകയാണെന്ന് അറിയിക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. സദ്ഭരണമെന്ന ലക്ഷ്യത്തിലേക്കായി ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള ഐക്യത്തോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

എല്ലാവർക്കും എന്റെ ആശംസകൾ

നന്ദി

ജയ് ഹിന്ദ്